തൃശ്ശൂർ മെഡിക്കൽ കോളേജിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ നടപടി

32 (1754) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) മലിനജലം നിർമ്മാർജ്ജനം ചെയ്യാൻ ട്രീറ്റ്മെന്റ് പ്ലാന്റ് അടിയന്തിരമായി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനായി ഹിന്ദുസ്ഥാൻ പ്രീ ഫാബ് ലിമിറ്റഡ് എന്ന കമ്പനി പഠനം നടത്തി 4.5 കോടി രൂപയുടെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളുന്നതാണ്.

നിയമവിരുദ്ധ സർക്കാർ ഉത്തരവുകൾ തിരുത്താൻ നടപടി

33 (1755) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ദന്തൽ കോളേജുകളിലെ പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ/ട്യൂട്ടർ നിയമനങ്ങളും, പ്രൊമോഷനുകളും കെ.എസ്.എസ്.ആർ, ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ റഗുലേഷൻസ് എന്നിവ അനുസരിച്ചാണോ നടത്തുന്നത് ;

(ബി) ഇത് സംബന്ധമായി ഹൈക്കോടതിയുടെ WP(C)31184 of 2005(k), WP(C) 36095 of 2005(V) ഉത്തരവുകൾക്ക് വിരുദ്ധമായി ഏതെങ്കിലും ഉത്തരവ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഇത് സംബന്ധമായി പുറത്തിറക്കിയ G.O.(P) No. 511/2010/H&FWD. dated 31-7-2010, G.O. (Rt.) No. 3181/2010/H&FWD. dated 11-8-2010, G.O.(P) 647/2010/H&FWD. dated. 29-10-2010 എന്നീ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

(ഡി) ഈ ഉത്തരവുകൾ കെ.എസ്.എസ്.ആർ., Dental Council of India regulations Gazette Notification, Govt. of India No. 182 dated 10th September 2007, ബഹു. ഹൈക്കോടതി വിധികൾ എന്നിവയ്ക്ക് വിരുദ്ധമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇവ തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly